**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **10-08-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇൻഷുറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ. ലിന്റോ ജോസഫ്, ശ്രീ ഡി കെ മുരളി** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണ സാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | വന്യജീവി ആക്രമണ സാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഇൻഷുറൻസ് പരിരക്ഷ വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങിമരണം, പ്രകൃതി ക്ഷോഭം, മരത്തിൽ നിന്നുള്ള വീഴ്ച, ഭക്ഷ്യവിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും, അംഗവൈകല്യത്തിനും 1,00,000/- രൂപയും അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/- രൂപയും ആശുപത്രി യാത്ര ചെലവിന് 1,000/- രൂപയും, വന്യജീവി ആക്രമണം മൂലമോ, പ്രകൃതിക്ഷോഭം മൂലമോ വീടുകൾക്ക് കേടുപാടുകൾ ഉണ്ടായാൽ 5,000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൂടാതെ, വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണം മൂലമുള്ള അപകട മരണത്തിന് 1,00,000/- രൂപയും, ആശുപത്രി ചികിത്സാ ചെലവിനായി 5,000/- രൂപയും ടി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇക്കോ ടൂറിസം മേഖല സന്ദർശിക്കുന്നവർക്കും വനം വകുപ്പിൽ താല്ക്കാലിക ജോലി ചെയ്യുന്ന ജീവനക്കാർക്കും ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നുണ്ടോ; | (ബി) | ഇക്കോ ടൂറിസം മേഖലയിൽ പ്രവേശനഫീസ് ഒടുക്കി സന്ദർശനം നടത്തുന്ന എല്ലാ സന്ദർശകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം പരമാവധി 50 പേർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. മരണം, സ്ഥായിയായ |

| | | | |
|---|---|---|---|
| | | | അംഗവൈകല്യം സംഭവിച്ചാൽ ഒരാൾക്ക് 5.00 ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യം സംഭവിച്ചാൽ 2.50 ലക്ഷം രൂപയും ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം ഒരു വർഷം പരമാവധി 2.5 കോടി രൂപ വരെ ക്ലെയിം അനുവദിക്കുന്നതാണ്.<br><br>വനം വകുപ്പിൽ താൽക്കാലികമായി ജോലി ചെയ്യുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് സ്റ്റാൻഡേർഡ് ഗ്രൂപ്പ് പോളിസി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. മരണം സംഭവിച്ചാൽ 5 ലക്ഷം രൂപയും, സ്ഥായിയായ അംഗവൈകല്യം സംഭവിച്ചാൽ 2.5 ലക്ഷം രൂപയും, ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചാൽ ആശുപത്രി ചികിത്സാ ചെലവിനത്തിൽ 50,000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ഒരു വർഷം പരമാവധി 500 പേർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. |
| (സി) | വന്യജീവി ആക്രമണം നേരിടാനിടയുള്ള എല്ലാവർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയിൽ താമസിക്കുന്ന മറ്റ് വിഭാഗത്തിൽപ്പെട്ടവർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണം നേരിടാനിടയുള്ള എല്ലാവർക്കുമായി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ